## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *10 — 28-11-2018 -ൽ മറുപടിക്ക്

## ഡിസാസ്റ്റർ മാനേജ് മെൻറ് പ്ലാൻ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ഹൈബി ഈഡൻ**<br>**ശ്രീ എൽദോസ് പി. കുന്നപ്പിള്ളിൽ**<br>**ശ്രീ കെ.എസ്.ശബരീനാഥൻ** | | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| എ) | പ്രകൃതി ദുരന്തങ്ങളെ നേരിടാൻ ദേശീയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ഡിസാസ്റ്റർ മാനേജ്മെൻറ് പ്ലാൻ സംസ്ഥാന, ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | എ) | ഉണ്ട്. കേന്ദ്ര ദുരന്ത നിവാരണ നിയമം 2005 അനുസരിച്ച് എല്ലാ സംസ്ഥാനങ്ങളും പ്രാദേശികമായ ദുരന്ത സാദ്ധ്യതാ അപഗ്രഥനം നടത്തി സംസ്ഥാനത്തിന് തനതായതും ജില്ലകൾക്ക് തനതായതുമായ ദുരന്ത ലഘൂകരണ പദ്ധതി തയാറാക്കണം എന്ന് കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റി നിർദേശിച്ചിട്ടുണ്ട്. പ്രസ്തുത ജില്ലാതല പദ്ധതികൾ 30-07-2016-ലെ സ.ഉ(സാധാ)നം. 3104//2016/ഡി.എം.ഡി പ്രകാരം അംഗീകരിച്ചിട്ടുണ്ട്. സംസ്ഥാന പദ്ധതി 9/09/2016-ലെ സ.ഉ(സാധാ)നം.3667/2016/ ഡി.എം.ഡി പ്രകാരം അംഗീകരിച്ചിട്ടുണ്ട്. സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതിയുടെ 12 ഇന ഉപലക്ഷ്യങ്ങളിൽ ഊന്നിക്കൊണ്ട്, 27 പദ്ധതികളിൽ ഉൾപ്പെടുത്തിയാണ് ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നത്. ആയത് **അനുബന്ധം -1** ആയി ചേർക്കുന്നു. |
| ബി) | സംസ്ഥാനത്തുണ്ടാകുന്ന ദുരന്തങ്ങളെ നേരിടാൻ ഒരു ലക്ഷത്തിലേറെ കമ്മ്യൂണിറ്റി വോളന്റിയർമാർക്ക് പരിശീലനം നൽകിയിരുന്നതായി നാഷണൽ ഡിസാസ്റ്റർ റസ്പോൺസ് ഫോഴ്സ് സാക്ഷ്യപ്പെടുത്തിയിട്ടുണ്ടോ; | ബി) & സി) | ഇത്തരം ഒരു സാക്ഷ്യപ്പെടുത്തൽ ദേശീയ ദുരന്ത പ്രതികരണ സേനയിൽ നിന്നും സർക്കാരിൽ ലഭ്യമായിട്ടില്ല. സംസ്ഥാന അതോറിറ്റി പരിശീലനം നൽകിയ വ്യക്തികളുടെ വിവരങ്ങൾ അതതു പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഇവരിൽ ദുരന്ത മുഖത്ത് സന്നദ്ധ പ്രവർത്തനത്തിനു തയ്യാറുള്ളവരെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനു ഉപയോഗിക്കാവുന്നതാണ്. സംസ്ഥാന ഫയർ ആന്റ് റസ്ക്യൂ സർവ്വീസ് ദുരന്ത സാഹചര്യങ്ങൾ നേരിടുന്നതിനായി കമ്മ്യൂണിറ്റി റസ്ക്യൂ വാളന്റിയർമാരെ സജ്ജമാക്കി അവരുടെ സേവനം ദുരന്ത ഘട്ടത്തിൽ പ്രയോജനപ്പെടുത്തിയിരുന്നു. |
| സി) | പ്രളയ സമയത്ത് ഈ വോളന്റിയർമാരുടെ സഹായം ലഭ്യമാക്കുന്നതിൽ ദുരന്ത നിവാരണ അതോറിറ്റി മുൻകൈ എടുക്കാതിരുന്നത് എന്തുകൊണ്ടാണ് എന്ന് വിശദമാക്കാമോ; | | |

| | | | |
|---|---|---|---|
| ഡി) | ഈ പ്രളയത്തിൽ നിന്നും പാഠം ഉൾക്കൊണ്ടുകൊണ്ട് ഭാവിയിൽ ദുരന്തങ്ങൾ തടയാൻ എന്തൊക്കെ നടപടികളാണ് ദുരന്ത നിവാരണ അതോറിറ്റി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ? | ഡി) | സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ദുരന്ത ലഘൂകരണത്തിനായി സ്വീകരിച്ചു വരുന്ന വിവിധ നടപടികളുടെ വിശദവിവരങ്ങൾ **അനുബന്ധം -2** ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം -1

### 12 ഇന ഉപലക്ഷ്യങ്ങൾ

1) ദുരന്തസാധ്യത അപഗ്രഥനം നിരന്തരമായി നടത്തുകയും വിവിധ ദുരന്തങ്ങൾക്ക് വിധേയരാകാവുന്ന ജനസഞ്ചയത്തിനെ കണ്ടെത്തുകയും ചെയ്യുക.
2) കേരളത്തിലെ ബഹുവിധ ദുരന്ത സാധ്യത മേഖലകളിൽ ദുരന്ത സാദ്ധ്യതകൾ കുറയ്ക്കുവാനായി വിവിധ വകുപ്പുകൾ പാലിക്കേണ്ടുന്ന പൊതു നിർദേശങ്ങൾ സൃഷ്ടിക്കുകയും നിരന്തരമായി പുതുക്കുകയും ചെയ്യുക.
3) പ്രാദേശിക തലത്തിൽ, പഞ്ചായത്തുകളെ കേന്ദ്രീകരിച്ച ദുരന്ത സാധ്യതാ ലഘൂകരണ പരിശീലനങ്ങൾ നടത്തുകയും അതുവഴി സംസ്ഥാനത്തിന്റെ പൊതുവായ ദുരന്ത അതിജീവന നിലവാരം മെച്ചപ്പെടുത്തുകയും ചെയ്യുക.
4) ദൃശ്യ-ശ്രാവ്യ-പത്ര മാധ്യമങ്ങളെ ദുരന്ത ലഘൂകരണത്തിനായി ആവശ്യമായ അളവിൽ ഉപയോഗിക്കുക.
5) സംസ്ഥാനത്തിന്റെ ഭാവി വികസന പദ്ധതികളിൽ ആവശ്യമായ അളവിൽ ദുരന്ത ലഘൂകരണ വീക്ഷണകോൺ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക.
6) സംസ്ഥാന-ജില്ലാ അടിയന്തിരഘട്ട കാര്യനിർവഹണ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുകയും, കേരളത്തിലെ ദുരന്ത പ്രതികരണ-പ്രതിരോധ-തയാറെടുപ്പ് പ്രക്രിയകളുടെ ശാസ്ത്രീയ സാങ്കേതിക കേന്ദ്രങ്ങളായി ഇവയെ മാറ്റുകയും ചെയ്യുക.
7) ശാസ്ത്രീയ അടിത്തറയോടുകൂടിയ ദുരന്ത മുന്നറിയിപ്പ് സാങ്കേതിക വിദ്യ സംസ്ഥാനത്തു സ്ഥാപിക്കുക.
8) വിവിധ വിവര സംവേദന സാങ്കേതികവിദ്യകൾ ദുരന്ത നിവാരണത്തിനായി ഉപയോഗപ്പെടുത്തുക. ഒരു സാങ്കേതിക വിദ്യ പരാജയപ്പെട്ടാൽ മറ്റൊന്ന് എപ്പോഴും ലഭ്യമായിരിക്കുന്നത് ഉറപ്പുവരുത്തുക.
9) സംസ്ഥാന അടിയന്തിരഘട്ട പ്രവർത്തന രൂപരേഖയും (Emergency Supports Functions Plan), ദുരന്ത പ്രതികരണ രൂപരേഖകളും (Standard Operating Procedure) കാലികമായി പുതുക്കുക.
10) സാമൂഹികാധിഷ്ഠിത ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക.
11) ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
12) ദീർഘകാല ദുരന്ത പുനർനിർമാണ പ്രക്രിയയിൽ ആവശ്യമായ അറിവ് ലഭ്യമാക്കുകയും ആവശ്യാനുസരണം നടപ്പിൽ വരുത്തുകയും ചെയ്യുക

### 27 പദ്ധതികൾ

1) സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ആസ്ഥാന മന്ദിരം: സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവഹണ കേന്ദ്രത്തിനു കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റി നിഷ്കർഷിച്ചിട്ടുള്ള പ്രത്യേകതകൾ ഉള്ള ആസ്ഥാന മന്ദിരം തിരുവനന്തപുരത്ത് നിർമ്മാണം പൂർത്തീകരിച്ചു വരുന്നു.
2) സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവഹണ കേന്ദ്രത്തിന്റെ ആധുനിക വിവര സംവേദന ദുരന്ത തീരുമാന സാങ്കേതികവിദ്യ വികസനം: ഇന്ത്യ ഉൾപ്പെടെ ലോക

രാജ്യങ്ങൾ ജപ്പാനിലെ സെൻഡായി എന്ന നഗരത്തിൽ 2015-2030 കാലഘട്ടത്തിലേയ്ക്കായി അംഗീകരിച്ച രൂപരേഖ പ്രകാരം, സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവഹണ കേന്ദ്രത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുവാൻ ആവശ്യമായ ദുരന്ത മുന്നറിവ്, സാങ്കേതികവിദ്യ വികസനം കെൽട്രോൺ മുഖാന്തിരം തയ്യാറായി വരുന്നു. കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റിയുടെ സാമ്പത്തിക സഹായത്തോടെയാണ് ഈ പ്രവർത്തനം നടക്കുന്നത്.

3) സംസ്ഥാന ഭൂകമ്പ നിരീക്ഷണ സംവിധാന ശൃംഖല:
4) സംസ്ഥാന തീര ദുരന്ത നിരീക്ഷണ സാങ്കേതിക വിദ്യ.
5) കേന്ദ്ര സർക്കാരിന്റെയും UNDP യുടെയും സഹായത്തോടുകൂടി നടന്നുവരുന്ന സാമൂഹികാധിഷ്ഠിത ദുരന്ത ആഘാത ലഘൂകരണ പദ്ധതി.
6) കേരളത്തിലെ വലിയ ഉത്സവങ്ങളിലെ സുരക്ഷ.
7) വരൾച്ചാ പ്രതിരോധ പദ്ധതികൾ - ജലവർഷിണി, മഴപ്പൊലിമ, വാട്ടർ കിയോസ്കുകൾ. പ്രാദേശിക വസ്തുക്കൾ കൊണ്ട് നിർമ്മിച്ച ചെറു തടയണകൾ.
8) മുല്ലപെരിയാർ ക്രൈസിസ് മാനേജ്മെന്റ് പദ്ധതി.
9) സംസ്ഥാന അഗ്നിശമന സേനാ ശാക്തീകരണം.
10) ഭിന്നശേഷിയുള്ള വ്യക്തികളുടെ ദുരന്ത പ്രതികരണ ശാക്തീകരണം.
11) കുഴലീകൃത മണ്ണൊലിപ്പിന്റെ പ്രതിരോധം.
12) വെള്ളപ്പൊക്ക പ്രതിരോധ പ്രവർത്തനം.
13) ദേശീയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതി.
14) ദുരന്ത ലഘൂകരണ വിവര സംവേദനത്തിനായി ലഘുലേഖകൾ.
15) പ്രാദേശിക കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ദുരന്ത ലഘൂകരണം ഉൾപ്പെടുത്തുന്നത്
16) സംസ്ഥാന-ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളുടെ ശാക്തീകരണം.
17) ജില്ലാ അടിയന്തിരഘട്ട കാര്യനിർവഹണ കേന്ദ്രങ്ങളുടെ ശാക്തീകരണം.
18) ദുരന്ത വിവര സംവേദന സാങ്കേതിക വിദ്യയുടെ വികസനവും പരിപാലനവും.
19) ദുരന്ത ലഘൂകരണ മുന്നൊരുക്കങ്ങൾ.
20) 'സുരക്ഷിത കേരളത്തിനായി മുന്നേറാം' എന്ന ആപ്തവാക്യത്തിലൂന്നിയുള്ള സെമിനാറുകൾ.
21) ദുരന്ത ലഘൂകരണ പരിശീലനങ്ങൾ.
22) ഇന്ത്യ ഡിസാസ്റ്റർ റിസോഴ്സ് നെറ്റ്‌വർക്ക് - ദുരന്ത പ്രതികരണത്തിനായി ഉപയോഗിക്കാവുന്ന ഉപകരണങ്ങളുടെ വിവര ശേഖരണം.
23) ദേശീയ അടിയന്തിരഘട്ട പരിപാലന വിവര ശേഖരണ സംവിധാനം.
24) പ്രാദേശിക ഭരണകൂടങ്ങൾക്കുള്ള ദുരന്ത ലഘൂകരണ ശാക്തീകരണ സഹായം.
25) മോക്ക് ഡ്രില്ലുകൾ.
26) സംസ്ഥാന ദുരന്ത പ്രതികരണ സേനയുടെ ശാക്തീകരണം.
27) അന്തർദേശീയ ദുരന്ത ലഘൂകരണ ദിനാഘോഷം

ഇവയ്ക്ക് പുറമേ, സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതിയുടെ ചാപ്റ്റർ 5.3 പ്രകാരം ദുരന്ത ലഘൂകരണ virtual cadre സൃഷ്ടിച്ചിട്ടുണ്ട്. ഇവരുടെ പരിശീനം ഡിസംബർ മാസത്തിൽ ആരംഭിക്കും.

സാമൂഹികാധിഷ്ഠിത ദുരന്ത ലഘൂകരണമാണ് ദുരന്ത പ്രതികരണത്തിൽ ഊന്നിയുള്ള പ്രവർത്തനത്തെക്കാൾ ഈ കാലഘട്ടത്തിന്റെ ആവശ്യം എന്ന് കണ്ട് ഇന്ത്യ ഉൾപ്പെടെ ലോക

രാജ്യങ്ങൾ ജപ്പാനിലെ സെൻഡായി എന്ന നഗരത്തിൽ 2015-2030 കാലഘട്ടത്തിലേക്കായി അംഗീകരിച്ച രൂപരേഖയിൽ നിന്നും പാഠം ഉൾക്കൊണ്ട് സംസ്ഥാന സാമൂഹികാധിഷ്ഠിത ദുരന്തലഘൂകരണ കേന്ദ്രം തൃശ്ശൂരിൽ പ്രവർത്തന ക്ഷമമാക്കുവാനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കാൻ അഗ്നിശമന സേനയോട് നിർദ്ദേശിച്ചിട്ടുണ്ട്.

കേന്ദ്ര സഹായത്തോടെ ആപ്ത മിത്ര എന്ന പ്രോജക്ട് കേരള സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. ഈ പ്രോജക്ട് ഉപയോഗിച്ച് കോട്ടയം ജില്ലയിൽ ഒരു സാമൂഹികാധിഷ്ഠിത ദുരന്ത ലഘൂകരണസേന രൂപീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. നിലവിൽ ഈ പ്രോജക്ടിൽ 50 സന്നദ്ധപ്രവർത്തകർക്ക് പരിശീലനം നൽകിയിട്ടുണ്ട്. ഇതിന് തുടർച്ചയായി 150 പേരുടെ പരിശീലനം നടത്തുന്നതാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം -2

## പ്രളയാനന്തരം സ്വീകരിച്ച നടപടികൾ

1) സംസ്ഥാനത്തെ എല്ലാ ജില്ലാ കളക്ടർമാർക്കും ഉപഗ്രഹ ഫോൺ നൽകുവാനുള്ള നടപടി സ്വീകരിച്ചു. ആദ്യ ഘട്ടമായി വയനാട്, എറണാകുളം, ഇടുക്കി, പത്തനംതിട്ട എന്നീ ജില്ലാ കളക്ടർമാർക്ക് ഉപഗ്രഹ ഫോൺ നൽകി.
2) പ്രാദേശികമായി ദുരന്ത പ്രവചനം അതാത് ദുരന്തങ്ങൾ പ്രവചിക്കുവാൻ നിർണയിക്കപെട്ടിട്ടുള്ള കേന്ദ്ര ഏജൻസികളിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രദേശങ്ങളിൽ മാത്രമായി ചുരുക്കി എസ്.എം.എസ് നൽകുവാൻ Location Based Messaging System എന്ന സാങ്കേതിക വിദ്യ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് പ്രളയ ശേഷം കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റി ലഭ്യമാക്കിയിട്ടുണ്ട്.
3) സംസ്ഥാന, ജില്ലാ ദുരന്ത ലഘൂകരണ പദ്ധതികൾ പുതുക്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ട്.
4) പ്രാദേശിക അടിസ്ഥാനത്തിൽ, ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ സഹായത്തോടെ മണ്ണിടിച്ചിൽ/ഉരുൾപൊട്ടൽ എന്നിവ ബാധിച്ച പ്രദേശങ്ങളിൽ, മുൻപ് വീടുണ്ടായിരുന്ന, നിലവിൽ വീട് നിർമ്മിക്കുവാൻ പാടില്ലാത്ത പ്രദേശങ്ങൾ കണ്ടെത്തുന്ന പഠനം നടത്തി വരുന്നു.
5) സംസ്ഥാനത്തെ ദുരന്തങ്ങളിൽ തകരുന്ന വീടുകൾക്ക് നേരിട്ടിട്ടുള്ള നാശനഷ്ടത്തിന്റെ തോതനുസരിച്ച് (കുറഞ്ഞത് 15%, 16-29%, 30-59%, 60-74%, 75%ത്തിനു മേലെ) എന്നിങ്ങനെ അഞ്ചു വിഭാഗമായി തിരിച്ച് ഓരോ വിഭാഗത്തിലും ധനസഹായനിരക്കുകൾ യഥാക്രമം 10,000 രൂപ, 60,000 രൂപ, 1,25,000 രൂപ, 2,50,000 രൂപ, 4,00,000 രൂപ എന്നിങ്ങനെയായി Minimum Relief Code ആയി നിജപ്പെടുത്തി.
6) കേന്ദ്ര കാലാവസ്ഥാ വകുപ്പിനോട് കേന്ദ്ര ദുരന്ത ലഘൂകരണ പദ്ധതിപ്രകാരം കേന്ദ്ര കാലാവസ്ഥാ വകുപ്പിൽ നിക്ഷിപ്തമായ ചുമതലയായ സംസ്ഥാനത്തെ കാലാവസ്ഥാ നിരീക്ഷണ സംവിധാനങ്ങൾ വർദ്ധിപ്പിക്കുവാനും മുന്നറിയിപ്പ് സംവിധാനങ്ങൾ മെച്ചപ്പെടുത്തുവാനും ആവശ്യപ്പെട്ടിട്ടുണ്ട്.
7) വെള്ളപ്പൊക്കം ബാധിച്ച എല്ലാ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലും പ്രളയ അടയാളപ്പെടുത്തൽ നടത്തുവാൻ നിർദേശിച്ചിട്ടുണ്ട്. ഇതിനായി പണവും അനുവദിച്ചിട്ടുണ്ട്.
8) വെള്ളപ്പൊക്കം ബാധിച്ച പ്രദേശങ്ങളുടെ കൃത്യമായ ഭൂപടം, വെള്ളപ്പൊക്കത്തിന്റെ ഉയരം ഉൾപ്പെടെ തയ്യാറാക്കുവാൻ സംസ്ഥാനത്തെ Centre for Water Resources Development and Management, Kerala Forest Research Institute, MG University and Kerala State Remote Sensing and Environment Centre എന്നിവരെ ചുമതലപ്പെടുത്തി. പൊതുജനങ്ങൾക്ക് ഈ പ്രവർത്തനത്തിൽ പങ്കെടുക്കുവാൻ ഒരു മൊബൈൽ ആപ്പ് തയ്യാറാക്കി പ്രസിദ്ധീകരിച്ചു.
9) കടലിൽ മത്സ്യത്തൊഴിലാളികൾക്ക് വിവിധ വിവരങ്ങൾ ലഭ്യമാക്കുവാൻ ആകാശവാണിയുടെ Medium Wave സംവിധാനം തുടർച്ചയായി പുനരാരംഭിക്കുന്നത് ഉചിതമാണോ എന്ന് പരീക്ഷിക്കുവാൻ സംസ്ഥാന അതോറിറ്റിയുടെ ഉദ്യോഗസ്ഥർ ഉൾക്കടലിൽ തീര സംരക്ഷണ സേനയുടെ കപ്പലിൽ 200 കിലോമീറ്റർ ഉള്ളിൽ 5 ദിവസം സഞ്ചരിച്ച് നടത്തിയ പരീക്ഷണം വിജയകരമായതിനാൽ ആകാശവാണിയുടെ Medium Wave സംവിധാനം തുടർച്ചയായി പുനരാരംഭിക്കണം എന്ന് കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റിയെ അറിയിച്ചിട്ടുണ്ട്.

10) United Nations Development Programme, United Environment Programme എന്നിവരുടെ സഹകരണത്തോടെ സംസ്ഥാനത്തെ 7 ജില്ലകളിലും, സംസ്ഥാന അതോറിറ്റിയിലും ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾക്ക് അധിക സാങ്കേതിക വിദഗ്ധരെ ലഭ്യമാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

11648
41 8/1.3



# GOVERNMENT OF KERALA

*Abstract*

Disaster Management Department – District Disaster Management Authority (DDMA) plan of all Districts - Approved – Orders issued.

## DISASTER MANAGEMENT (REVENUE-K) DEPARTMENT

**G.O(Rt)No.3104/2016/DMD** **Dated, Thiruvananthapuram, 30th July, 2016**

Read:- Kerala State Disaster Management Authority (KSDMA) meeting held on 05.10.2015.

## ORDER

Government are pleased to approve the District Disaster Management Authority (DDMA) plan for all districts as detailed below.

**District Disaster Management Authority (DDMA) plans**

| Sl No | District | DDMA meeting held | Approved date and number |
|---|---|---|---|
| 1 | Thiruvananthapuram | 06/06/15 | H1-61143/13 dated 10/06/15 |
| 2 | Kollam | 13/07/15 | N3/43962/2014 dated 08/09/15 |
| 3 | Pathanamthitta | 18/02/15 | DM 5-31232/ 2014 dated 09/03/2015 |
| 4 | Alappuzha | 03/02/15 | DMC4-36601 13 dated 27/02/15 |
| 5 | Kottayam | 17/04/15 | H8-2015/15202/5 dated 06/04/15 |
| 6 | Idukki | 13/03/15 | E6-38176/07 dated 28/03/2015 |
| 7 | Ernakulam | 15/05/15 | D1-19839/11 dated 10/07/15 |
| 8 | Thrissur | 04/02/15 | K1-4574413 dated 02/03/15 |
| 9 | Palakkad | 30/12/14 | J5-2014/20799/9 dated 20/02/15 |
| 10 | Malappuram | 20/02/15 | DM1-42817 2014 dated 13/05 15 |
| 11 | Kozhikkode | 20/04/15 | F3/56353 2014 dated 20 04 15 |

| | | | |
|---|---|---|---|
| 12 | Wayanad | 21/02/15 | H3-2014/21178/12 dated 25/02/15 |
| 13 | Kannur | 12/02/15 | M1 39606/2014 dated 21/02/15 |
| 14 | Kasargode | 24/04/15 | K1/61131/2010 (2) dated 28/04/15 |

(By Order of the Governor)
Praveen S.
Deputy Secretary to Government.

To

All Chairmen, DDMA (inter alia District Collectors)
Thiruvananthapuram / Kollam / Pathanamthitta / Alappuzha / Kottayam
Idukki / Ernakulam / Thrissur / Palakkad / Malappuram/ Kozhikode/
Wayanad/ Kannur/Kasargode
The Commissioner of Land Revenue, Thiruvananthapuram
The Member Secretary, Kerala State Disaster Management Authority,
Revenue Complex, Public Office Building, Thiruvananthapuram.
The Head, State Emergency Operations Center, ILDM, PTP Nagar,
Thiruvananthapuram.
The Principal Accountant General (Audit) Kerala, Thiruvananthapuram
The Accountant General (A&E) Kerala, Thiruvananthapuram
Stock File/Office Copy

Copy to:-

PS to Minister (Revenue & ~~Coir~~ Housing)
PS to Principal Secretary (Revenue & DM)
The Information Officer, Web & New Media, I&PRD

Forwarded/By Order.

Section Officer

S.O

14357
22/9/16

-115-

GOVERNMENT OF KERALA

**Abstract**

Disaster Management Department – State Disaster Management Plan 2016 – Approved - Orders issued.

**DISASTER MANAGEMENT (REVENUE-K) DEPARTMENT**

G.O.(Rt)No.**3667/2016/DMD** Dated, Thiruvananthapuram **9th September 2016**

Read:- Minutes of the Joint Meeting of Kerala State Disaster Management Authority (KSDMA) and the State Executive Committee of Kerala State Disaster Management Authority held on 07/09/2016.

**ORDER**

Government are pleased to approve the State Disaster Management Plan 2016, as per Section 23(1)(2) and (3) of the Disaster Management Act 2005, with effect from 07.09.2016. The Member Secretary, Kerala State Disaster Management Authority(KSDMA) is directed to take necessary steps to publish the same in the official website of KSDMA (www.sdma.kerala.gov.in) and State Emergency Operations Centre (www.disasterlesskerala.org).

(BY ORDER OF THE GOVERNOR)
**Praveen S.**
**Deputy Secretary to Government**

To

The Member Secretary, Kerala State Disaster Management Authority, Revenue Complex, Public Office Building, Thiruvananthapuram
The Commissiner for Land Revenue , Thiruvananthapuram.
The Director, ILDM, PTP Nagar, Thiruvananthapuram.
The State Police Chief, Police Head Quarters, Thiruvananthapuram.
The Director General, Kerala Fire & Rescue services, Thiruvananthapuram
The Director, Health Services,Thiruvananthapuram
The Director of Medical Education,Thiruvananthapuram
The Head (Scientist), State Emergency Operations Center, ILDM, PTP Nagar,Thiruvananthapuram.
All District Collectors
The Principal Accountant General (Audit) (A&E)Kerala, Thiruvananthapuram.
Stock File/Office Copy.

Copy to:-

PS to Chief Minister
PS to Minister (Revenue & Housing)
PS to Minister (Agriculture)
Additional Secretary to Chief Secretary
PS to Additional Chief Secretary (Home)

PS to Additional Chief Secretary (Finance)
PS to Additional Chief Secretary (Health)
PS to Principal Secretary (Revenue & DM)
Information Officer, Web & New Media
Finance Department

Forwarded/By order

Section Officer

S.O.